**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **05-07-2022 - ൽ മറുപടിയ്ക്ക്**

**വെറ്റില കർഷകർക്ക് സഹായകരമായി പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ വെറ്റില ഭൗമസൂചികപദവിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെറ്റില കർഷകർക്ക് സഹായകരമായി കൃഷി വകുപ്പ പ്രത്യേക പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ വെറ്റില കൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2020-21 വർഷം എട്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | വെറ്റില കർഷകർക്ക് കൃഷി ലാഭകരമാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, വളങ്ങൾ, രോഗപ്രതിരോധ മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലം ഒരുക്കുന്നതിനും, നടീൽ വസ്തുക്കൾ, ഇടവിള കൃഷി, വളങ്ങൾ, രോഗ പ്രതിരോധ മരുന്നുകൾ എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്. നിലവിൽ കൃഷി ചെയ്യുന്നവർക്ക് ഒരു ക്ലസ്റ്ററിനു 250/- രൂപയും പുതിയതായി കൃഷി തുടങ്ങുന്നവർക്കു ഒരു ക്ലസ്റ്ററിനു 500/- രൂപയും എന്ന നിരക്കിൽ 2020-21 വർഷം കൃഷി വകുപ്പ് നല്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വേങ്ങര, മലപ്പുറം, തിരൂരങ്ങാടി, താനൂർ, തിരൂർ, കുറ്റിപ്പുറം എന്നീ ബ്ലോക്കുകളിലെ കർഷകർക്കാണ് ഭൗമസൂചിക പദവിയുടെ പ്രയോജനം ലഭിക്കുക. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിൽ വെറ്റില കൃഷിയും ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | തൊഴിലുറപ്പ പദ്ധതിയിൽ വെറ്റില കൃഷി ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യത വിശദമായ പഠനം നടത്തിയ ശേഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ